ഉത്തരം

(എ) & (ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ളതും, സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരിക്കൽ ഒരു പാകംചെയ്ത കോഴിമുട്ട നൽകുന്ന പദ്ധതി 17-11-2005 മുതൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സംസ്ഥാനത്തെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളിൽ 2-11-2005 മുതലും, പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് 5-1-2006 മുതലും മുട്ട വിതരണം നടത്തിവരുന്നു. നാളിതുവരെ ഈ പദ്ധതി 11,535 വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) & (ഡി) ഉപേക്ഷിച്ചിട്ടില്ല. ഈ വർഷം ഓണത്തോടനുബന്ധിച്ച് 5 കി. ഗ്രാം അരി വീതം സംസ്ഥാനത്തെ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

യു. പി./എൽ. പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

18 [315] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ യു. പി./എൽ. പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) യു. ഡി. എഫ്. സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിൽ അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) ഏതെല്ലാം അൺ എയ്ഡഡ് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) എല്ലാ ഭൗതിക സൗകര്യങ്ങളും നിലവിലുള്ള നല്ലളം എ. യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) സർക്കാർ/എയ്ഡഡ് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly